## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4672 | 22.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

### ഇ-വേ ബിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | രാജ്യത്ത് ചരക്ക്- സേവന നികുതി നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലെ വർദ്ധനവ്/കുറവ്എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ; | (എ) | രാജ്യത്ത് ചരക്ക് സേവന നികുതി നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലെ വർദ്ധനവ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇ-വേ ബിൽ യാഥാർത്ഥ്യമാകാത്തതുകൊണ്ട് ചരക്കു നീക്കത്തിനു നിയന്ത്രണങ്ങളില്ലാതായെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധി വരെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കു കഴിയും. ഇത് ഒരു പരിധി വരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇ-വേ ബിൽ സംവിധാനം എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. 10.03.2018 ൽ അവസാനമായി നടന്ന ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് ഏപ്രിൽ 15 നകവും ഇ-വേ ബിൽ നിർബന്ധമാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| No | Month | Tax head | Realised | | Growth % (Year on year)) |
|---|---|---|---|---|---|
| | | | 2016-17 | 2017-18 | |
| 1 | July | GST | 0 | 0 | 4 |
| | | VAT | 1397.03 | 1484.92 | |
| | | Non VAT | 1196.18 | 1200.69 | |
| | | **Total** | **2593.21** | **2685.61** | |
| 2 | Aug | GST | 0 | 1168.21 | 12 |
| | | VAT | 1437.32 | 177.64 | |
| | | Non VAT | 1264.63 | 1673.45 | |
| | | **Total** | **2701.95** | **3019.3** | |
| 3 | Sept | GST | 0 | 1570.51 | -5 |
| | | VAT | 1673.83 | 92.12 | |
| | | Non VAT | 1365.14 | 1219.31 | |
| | | **Total** | **3038.97** | **2881.94** | |
| 4 | Octo | GST | 0 | 1563.12 | 8 |
| | | VAT | 1640.74 | 93.05 | |
| | | Non VAT | 1387.76 | 1627.36 | |
| | | **Total** | **3028.5** | **3283.53** | |
| 5 | Nov | GST | 0 | 1411.66 | 9 |
| | | VAT | 1378.6 | 78.09 | |
| | | Non VAT | 1381.49 | 1524.25 | |
| | | **Total** | **2760.09** | **3014** | |
| 6 | Dec | GST | 0 | 1396.46 | 13 |
| | | VAT | 1296.21 | 83.83 | |
| | | Non VAT | 1239.07 | 1397.22 | |
| | | **Total** | **2535.28** | **2877.51** | |
| 7 | Jan | GST | 0 | 1522.89 | 0 |
| | | VAT | 1536.39 | 85.63 | |
| | | Non VAT | 1407.72 | 1333.37 | |
| | | **Total** | **2944.11** | **2941.89** | |

തോമസ് ഐസക്